# കേരള സർക്കാർ

## കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

### കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം, കോഴിക്കോട്

### ടെണ്ടർ നോട്ടീസ്

ബി-247/2022 തീയതി: 26.02.2022

കേരള സർക്കാറിനുവേണ്ടി കോഴിക്കോട് കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജില്ലാ കൃഷിത്തോട്ടം കൂത്താളി - 40 എച്ച്.പി. പമ്പ് സെറ്റിന് പുതിയമോട്ടോർ വാങ്ങി/വിതരണം ചെയ്യുന്നതിന് നിർമ്മാതാക്കൾ/അംഗീകൃത വിതരണക്കാർ എന്നിവരിൽനിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസവും തീയതിയും | ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | ക്വട്ടേഷൻ ഫോറത്തിന്റെ വില |
|---|---|---|---|---|---|
| 1 | ജില്ലാ കൃഷിത്തോട്ടം കൂത്താളി - 40 എച്ച്.പി. പമ്പ് സെറ്റിന് പുതിയമോട്ടോർ വാങ്ങൽ (3 ph Slip Ring 30 KW (40 HP), 1440 RPM, frequency 50 Hz, 415 Volt, TEFC, No of Poles 4, foot mounted, Weight approximate 410 KG) | 1 | 10.03.2022 12 pm | 10.03.2022 3 pm | 500/- 90/- (GST) |

ദർഘാസ് ഫോറത്തിന്റെ വിലയായ 500/- രൂപ അടവാക്കി ഈ ഓഫിസിൽ നിന്നും ഫോറം കൈപ്പറ്റാവുന്നതാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള നിരക്കുകളാണ് ക്വോട്ട് ചെയ്യേണ്ടത്. മുദ്രവെച്ച ദർഘാസുകൾ 10.03.2022 ന് 12 മണിക്ക് മുമ്പായി പുതിയറ കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിന് മുകളിൽ "ജില്ലാ കൃഷിത്തോട്ടം കൂത്താളി - 40 എച്ച്.പി. പമ്പ് സെറ്റിന് പുതിയമോട്ടോർ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്" എന്ന് എഴുതേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ദർഘാസ് പരിഗണിക്കുന്നതല്ല. ദർഘാസ് ഫോറത്തിന്റെ GST തുകയായ 90/- രൂപ, അതത് സ്ഥാപനത്തിന്റെ GST അക്കൗണ്ടിൽ അടവാക്കിയതിന്റെ ചലാൻ കോപ്പിയും കൂടി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ 10.03.2022 ന് 3 മണിക്ക് ദർഘാസുകൾ തുറക്കുന്നതും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ അനുമതിക്ക് വിധേയമായി മാത്രം അംഗീകാരം നൽകുന്നതുമായിരിക്കും. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് സംബന്ധമായ വിശദവിവരങ്ങൾ ഈ ഓഫീസിൽനിന്നും പ്രവൃത്തിദിനങ്ങളിൽ ലഭിക്കുന്നതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (കൃഷി),
കോഴിക്കോട്.

OFFICE OF THE ASSISTANT EXECUTIVE ENGINEER (AGRI) PUTHIYARA (PO) PIN: 673 004 KOZHIKODE

കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം,
പുതിയറ പി.ഒ., കോഴിക്കോട് - 673 004
ഫോൺ: 0495 27[illegible]